പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2024 18.06.2013 -ൽ മറുപടിക്ക്

കെ. എസ്. ആർ. ടി. സി. ലെ സാമ്പത്തിക പ്രതിസന്ധി

ചോദ്യം

ശ്രീ. വി. ഡി. സതീശൻ :
" തേറമ്പിൽ രാമകൃഷ്ണൻ :
" പി. സി. വിഷ്ണുനാഥ് :
" കെ. അച്ചുതൻ :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി-യെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും രക്ഷിക്കുവാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആവിഷ്ക്കരിക്കുന്നത് ; വിശദമാക്കുമോ ; | (എ) | KSRTC-യുടെ വരവും ചെലവും തമ്മിലുള്ള അന്തരം കുറച്ച് ലാഭത്തിലേക്ക് നയിക്കുന്നതിന് KSRTC-യുടെ പുനരുദ്ധാരണം സംബന്ധിച്ച പഠനം നടത്തുന്നതിനായി വർമ്മ & വർമ്മ, ചാർട്ടേർഡ് അക്കൗണ്ടൻസ് എന്ന സ്ഥാപനത്തെ നിയോഗിക്കുകയും, ടി സ്ഥാപനം സമർപ്പിച്ച പഠനറിപ്പോർട്ടിന് KSRTC-യുടെ ഭരണ നിർവഹണ സമിതിയുടെ അംഗീകാരം നൽകിയിട്ടുമുണ്ട്. ടി റിപ്പോർട്ടിൽ, KSRTC നടപ്പിലാക്കേണ്ടുന്ന വിവര സാങ്കേതിക വിദ്യയുടെ വ്യാപനം, ഡ്രൈവർമാരുൾപ്പടെയുള്ള ജീവനക്കാർക്ക് നൽകുന്ന പ്രായോഗിക പരിശീലനം, ബസുകളിലെ ഡീസലിന്റെ ഉപഭോഗക്ഷമത വർദ്ധിപ്പിക്കൽ എന്നിവയിൽ സത്വര നടപടികൾ സ്വീകരിച്ച് വരുന്നു. ഇതുമൂലം KSRTC-യുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ചെലവ് കുറഞ്ഞ് വരുമാനവർദ്ധനവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ഇപ്പോൾ നേരിടുന്ന പ്രതിസന്ധിക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | 2013 – 14 ലെ ബഡ്ജറ്റിൽ കോർപ്പറേഷന്, 125 കോടി രൂപ വായ്പയായും, 59 കോടി രൂപ പദ്ധതി വിഹിതമായും സർക്കാർ അനുവദിച്ചിട്ടുണ്ട്. KSRTC-യുടെ കടുത്ത |

| | | | |
|---|---|---|---|
| | | | സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് 200 കോടി രൂപ കൂടി അധിക സഹായമായി ഈ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |
| (സി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദാംശങ്ങൾ എന്തെല്ലാം ? | (സി) | KSRTC-യുടെ പ്രതിമാസ വരവ് ചെലവ് അന്തരം 92 കോടി രൂപയാണ്. ടി അന്തരം നികത്തുന്നതിനായി സർക്കാർ 82 കോടി രൂപ ഈ സാമ്പത്തികവർഷം ഇതിനോടകം തന്നെ അനുവദിച്ച് നൽകി കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ